©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം,<br>ശനി<br>THIRUVANANTHAPURAM,<br>SATURDAY | 2015 ഏപ്രിൽ 25<br>25th April 2015<br>1190 മേടം 11<br>11th Medam 1190<br>1937 വൈശാഖം 5<br>5th Vaisakha 1937 | നമ്പർ<br>No. | 913 |

## കേരള സർക്കാർ

### തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

### വിജ്ഞാപനം

സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 141/15/ത.സ്വ.ഭ.വ.

*തിരുവനന്തപുരം, 2015 ഏപ്രിൽ 25. / 1190 മേടം 11.*

**എസ്. ആർ. ഒ. നമ്പർ 242/2015.**—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (എ) ഖണ്ഡവും (ബി) ഖണ്ഡവും പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് 1994 ഏപ്രിൽ 22-ാം തീയതിയിലെ സ. ഉ. (എംഎസ്.) 87/94/ത.സ്വ.ഭ.വ. നമ്പരായി പുറപ്പെടുവിച്ചതും 1994 ഏപ്രിൽ 22-ാം തീയതിയിലെ 361-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 474/94 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനം ഭേദഗതി ചെയ്തുകൊണ്ടും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുമായി ആലോചിച്ചതിന് ശേഷവും, നിർദ്ദേശം 2015 ജനുവരി 25-ാം തീയതിയിലെ ഇ.എം3/13(2)/2014/ത.സ്വ.ഭ.വ. എന്ന വിജ്ഞാപനമായി 2015 ജനുവരി 25-ാം തീയതിയിലെ 180-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതിനുശേഷവും താഴെ പട്ടികയിൽ (2)-ാം കോളത്തിൽ പറയുന്ന ജില്ലയിലെ (3)-ാം കോളത്തിൽ പറയുന്ന ഗ്രാമപഞ്ചായത്തിന്റെ (4)-ാം കോളത്തിൽ പറയുന്ന ഭൂപ്രദേശത്തെ (5)-ാം കോളത്തിൽ പറയുന്ന ഗ്രാമപഞ്ചായത്തിലേക്ക് കൂട്ടിച്ചേർത്ത് കേരള സർക്കാർ ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.

33/1562/2015/S-21

പട്ടിക

| ക്രമ നമ്പർ | ജില്ല | നിലവിലുള്ള ഗ്രാമപഞ്ചായത്ത് | കൂട്ടിച്ചേർക്കേണ്ട ഭാഗം | ഏത് ഗ്രാമപഞ്ചായത്തിനോടാണോ ഭാഗം കൂട്ടിച്ചേർക്കുന്നത് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | കൊല്ലം | കുളത്തൂപ്പുഴ | കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡായ റോസ്മല പൂർണ്ണമായും | ആര്യങ്കാവ് |
| 2 | ,, | നെടുമ്പന | നെടുമ്പന ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡിലെ കെട്ടിട നമ്പർ 1, 156 മുതൽ 159 വരെയും 288 മുതൽ 290 വരെയും 292, 293, 296, 298, 300, 301, 304, 305, 310, 311, 312, 322 മുതൽ 331 വരെയും 335 മുതൽ 343 വരെയും 385 മുതൽ 390 വരെയും | ഇളമ്പള്ളൂർ |
| 3 | | പേരയം | പേരയം ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡിലെ 250 മുതൽ 359 വരെയുള്ള കെട്ടിടങ്ങളും 3-ാം വാർഡിലെ 362 മുതൽ 383 വരെയുള്ള കെട്ടിടങ്ങളും 5-ാം വാർഡിലെ 1 മുതൽ 20 വരെയുള്ള കെട്ടിടങ്ങളും | കിഴക്കേ കല്ലട |
| 4 | കോട്ടയം | കൂരോപ്പട | കൂരോപ്പട ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡിലെ കെട്ടിട നമ്പർ 478, 479, 479A, 480, 481, 482, 483, 483 A, 484, 484A, 485, 486, 487 എന്നീ കെട്ടിടങ്ങൾ | പള്ളിക്കത്തോട് |
| 5 | ഇടുക്കി | വെള്ളിയാമറ്റം | വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിലെ 127 മുതൽ 136 വരെയുള്ള കെട്ടിടങ്ങൾ | ഉടുമ്പന്നൂർ |
| 6 | എറണാകുളം | എടയ്ക്കാട്ടുവയൽ | എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡിലെ 54 മുതൽ 58 വരെയുള്ള കെട്ടിടങ്ങളും 14-ാം വാർഡിലെ 305 മുതൽ 371 വരെയുള്ള കെട്ടിടങ്ങളും | ആമ്പല്ലൂർ |
| 7 | തൃശ്ശൂർ | വെങ്കിടങ്ങ് | വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിലെ 166 മുതൽ 200 വരെയുള്ള കെട്ടിടങ്ങൾ | വാടാനപ്പള്ളി |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 8 | തൃശ്ശൂർ | മറ്റത്തൂർ | മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ 19-ാം വാർഡിലെ 1 മുതൽ 8 വരെയും 10 മുതൽ 41 വരെയും 221, 223, 225 മുതൽ 228 വരെയും 4A, 4B, 4C, 38A, 38B, 39A, 39B, 39C, 40A, 41B, 42A, 43A, 54A, 56A, 892A, എന്നീ കെട്ടിടങ്ങൾ | കൊടകര |
| 9 | പാലക്കാട് | പല്ലശ്ശന | പല്ലശ്ശന ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിലെ 285 മുതൽ 405 വരെയും 418, 420, 422, 426, 430 എന്നീ കെട്ടിടങ്ങളും | എലവഞ്ചേരി |
| 10 | ,, | പല്ലശ്ശന | പല്ലശ്ശന ഗ്രാമപഞ്ചായത്തിലെ 16-ാം വാർഡിലെ കെട്ടിട നമ്പർ 241 മുതൽ 270 വരെയുള്ള കെട്ടിടങ്ങൾ | എരുമയൂർ |
| 11 | ,, | മാത്തൂർ | മാത്തൂർ ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡിലെ 180-ാം നമ്പർ കെട്ടിടം | കുഴൽമന്ദം |
| 12 | മലപ്പുറം | പാണ്ടിക്കാട് (നിർദ്ദിഷ്ട ചെമ്പ്രശ്ശേരി ഗ്രാമപഞ്ചായത്ത്) | പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിലെ കെട്ടിട നമ്പർ 141 മുതൽ 196 വരെയും 364 മുതൽ 386 വരെയും 147A, 155A, 158A, 162A, 165A, 166A, 171A, 178A, 183A, 183B, 183C, 195A, 364A, 365A, 366A, 385A, 499, 504 എന്നീ കെട്ടിടങ്ങളും | തുവ്വൂർ |
| 13 | ,, | ചെറുകാവ് | ചെറുകാവ് ഗ്രാമപഞ്ചായത്തിലെ 2-ാം വാർഡിലെ 1, 3, 4, 5, 6, 7, 8, 9 നമ്പർ കെട്ടിടങ്ങൾ | വാഴയൂർ |
| 14 | ,, | കീഴാറ്റൂർ | കീഴാറ്റൂർ ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡിലെ 413 മുതൽ 455 വരെയും 228 എ, 460, 461, 462 എന്നീ നമ്പർ കെട്ടിടങ്ങളും രണ്ടാം വാർഡിലെ 333, 335 മുതൽ 348 വരെയും 384 മുതൽ 386 വരെയും 404 മുതൽ 412 വരെയുമുള്ള കെട്ടിടങ്ങൾ | പാണ്ടിക്കാട് |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെയിംസ് വർഗ്ഗീസ്,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതുഉദ്ദേശ്യം വെളിപ്പെടുത്തുന്നതിനു വേണ്ടിയുള്ളതാണ്.)

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 4-ാം വകുപ്പ് (2) ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് സംസ്ഥാനത്തെ കൊല്ലം, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ ചില പഞ്ചായത്ത് പ്രദേശങ്ങളെ പൊതുജനസൗകര്യാർത്ഥം സമീപസ്ഥങ്ങളായ ഗ്രാമപഞ്ചായത്തുകളോട് കൂട്ടിച്ചേർക്കുവാൻ തീരുമാനിച്ചു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.